**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജനനി ജന്മരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഗർഭാവസ്ഥയിലും പ്രസവശേഷവും ആവശ്യമായ പരിചരണം ഉറപ്പാക്കാൻ ആവിഷ്കരിച്ച 'ജനനി ജന്മരക്ഷാ' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്തെ പട്ടികവർഗക്കാരായ ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം പ്രദാനം ചെയ്യുന്നതിലേയ്ക്കായി പ്രതിമാസം 1000/- രൂപ വീതം പരമാവധി 18 മാസത്തേയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് സ.ഉ(സാധാ)നം.735/2013/പജപവവിവ തീയതി, 01.06.2013 പ്രകാരം ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കി.**<br><br>**സ.ഉ(സാധാ)നം.808/2018/പജപവവിവ തീയതി 23.07.2018 പ്രകാരം ജനനി ജന്മരക്ഷാ പദ്ധതിയുടെ പ്രതിമാസ ധനസഹായം 2000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 2225-02-282-89 ശീർഷകത്തിൽ ജനനി ജന്മ രക്ഷാ പദ്ധതിയ്ക്കായി 1700 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയതിൽ നാളിതുവരെ 1066.09 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം നാളിതുവരെ ആകെ 8169 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ മേഖലകളിൽ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | **പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാര കുറവ് എന്നിവ തടയുന്നതിന്റെ ഭാഗമായി ഭക്ഷ്യസഹായ പദ്ധതി പ്രകാരം ജില്ലാ ഓഫീസർമാർ മുഖേന ഉന്നതികളിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യകിറ്റ് വിതരണം നടത്തുകയും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ജനനി ജന്മരക്ഷാ പദ്ധതിയി പ്രകാരം ധനസഹായം അനുവദിച്ചു വരികയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ** |

| | | | |
|---|---|---|---|
| | | | **വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ ഉന്നതികളിൽ നൽകിവരുന്നുണ്ട്. പരിശോധനകളിൽ പോഷകാഹാരക്കുറവ് നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചു നൽകുന്നു.**<br><br>**പട്ടികവർഗ്ഗക്കാർ കൂടുതൽ അധിവസിക്കുന്ന ജില്ലകളായ വയനാട്, പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കാർഷിക ഉദ്യമ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ, അട്ടപ്പാടിയിൽ ദാരിദ്ര്യം പരിഹരിക്കുന്നതിനായി മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ